No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2019
## ആർക്കിടെക്ചർ/മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതുതായി അപേക്ഷകൾ ക്ഷണിച്ചു

ബഹു. സുപ്രീംകോടതി 10.05.2019–ൽ പുറപ്പെടുവിച്ച **WP(C) 380/2019 നം.** ഉത്തരവ് പ്രകാരം കേരളത്തിനു പുറത്തുള്ള വിദ്യാർത്ഥികൾക്കും (**NK- II**) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്.കോഴ്സിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് (അപേക്ഷകർ *NTA* നടത്തിയ നീറ്റ് പരീക്ഷ എഴുതിയവരായിരിക്കണം). ഇത്തരം അപേക്ഷകർ ഇന്ത്യൻ പൗരത്വമുള്ളവരായിരിക്കണം. ഇന്ത്യൻ പൗരത്വം തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി./ ജനന സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്/ ഇലക്ഷൻ ഐ.ഡി. എന്നിവയിൽ ഏതെങ്കിലും ഒരു രേഖ ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 6.1 കാണുക).

ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള കേരളത്തിനു പുറത്തുള്ള (**NK- II**) വിഭാഗം വിദ്യാർത്ഥികൾ നീറ്റ് പരീക്ഷ എഴുതുകയും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ മെഡിക്കൽ & അലൈഡ് കോഴ്സ് (എം.ബി.ബി.എസ്.–ന് മാത്രം അർഹത) അപേക്ഷയിൽ കൂട്ടിച്ചേർക്കേണ്ടതാണ്.

**2019**–ലെ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും ആർക്കിടെക്ചർ (ബി.ആർക്ക്), മെഡിക്കൽ & അനുബന്ധ കോഴ്സുകൾ (എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെ) എന്നിവയിലേയ്ക്ക് പ്രവേശനത്തിനായി പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ, ബി.ആർക്കിന് അപേക്ഷിക്കുന്നവർ, *കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ NATA പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയവരും മെഡിക്കൽ കോഴ്സിന് അപേക്ഷിക്കുന്നവർ NTA നടത്തിയ നീറ്റ്–യു.ജി–2019 പരീക്ഷ എഴുതിയവരും ആയിരിക്കണം.*

**KEAM-2019** മുഖേന എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം ആർക്കിടെക്ചർ, മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നേരത്തേ സമർപ്പിച്ച അപേക്ഷയിൽ ഫാർമസി (ബി.ഫാം) കോഴ്സ് തിരഞ്ഞെടുക്കാൻ വിട്ടുപോയവരും എന്നാൽ 2019–ലെ എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയുടെ പേപ്പർ–1 എഴുതിയവരുമായ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പക്ഷം ഫാർമസി കോഴ്സ് പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്.

പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും **13.05.2019** മുതൽ **20.05.2019 വൈകുന്നേരം 5 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും.

**പുതിയ അപേക്ഷ സമർപ്പിക്കുന്നതിന്:**

(**KEAM-2019** *മുഖേന നേരത്തേ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് മാത്രം*)

ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്ക് മെഡിക്കൽ, ആർക്കിടെക്ച്ചർ കോഴ്സുകൾ ആവശ്യാനുസരണം തെരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ, (**NK- II**) വിഭാഗക്കാർക്ക് (**WP(C) നം.380/2019**) പ്രകാരം എം.ബി.ബി.എസ്. മാത്രമെ മെഡിക്കൽ കോഴ്സിൽ അനുവദിക്കുക

യുള്ളൂ. ഇതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ '**KEAM 2019-New Application**' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത്, രജിസ്ട്രേഷൻ നടത്തി അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. പ്രോസ്പെക്ടസ് ക്ലോസ് 7.4–ൽ പ്രതിപാദിക്കുന്ന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട താണ്. അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

**നേരത്തേ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന്:**

*(KEAM-2019 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇതിനോടകം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർക്ക് മാത്രം)*

ഇതിനായി മേൽ വെബ്സൈറ്റിലെ '**KEAM 2019-Candidate Portal**' എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്സ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ്. അതിനുശേഷം '**Add Course**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മെഡിക്കൽ, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്.

***NOTE:–*** **(WP(C) നം.380/2019) ഉത്തരവ് പ്രകാരം കേരളീയേതരൻ 2–ാം വിഭാഗക്കാർക്ക് (NK- II) മെഡിക്കൽ & അലൈഡ് തെരഞ്ഞെടുക്കുമ്പോൾ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് മാത്രമായിരിക്കും അപേക്ഷിക്കാനുള്ള അവസരം ലഭിക്കുന്നത്. അലോട്ട്മെന്റ്/ അഡ്മിഷൻ നടപടികൾ ബഹു. ഗുപ്രീംകോടതിയുടെ അന്തിമവിധിക്ക് വിധേയമായി രിക്കും.**

**അപേക്ഷാ ഫീസ് ഒടുക്കുന്ന വിധം:** പുതുതായി സമർപ്പിക്കുന്ന അപേക്ഷകൾക്കുള്ള അപേക്ഷാ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ–ചെലാൻ ഉപയോഗിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഹെഡ്/ സബ് പോസ്റ്റോഫീസുകളിൽ ഒടുക്കാവുന്നതാണ്. നേരത്തെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഓൺ ലൈനായി ബാക്കി തുക അടയ്ക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1. ഇതിനോടകം **KEAM-2019** മുഖേന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ '**KEAM 2019-Candidate Portal**' എന്ന ലിങ്കിലൂടെ ആവശ്യമുള്ള കോഴ്സുകൾ യോഗ്യതയ്ക്കനുസരിച്ച് നിലവിലെ അപേക്ഷയിൽ കൂട്ടിച്ചേർക്കാവുന്ന താണ്.
2. **ഇതിനോടകം KEAM-2019 അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ സാമുദായിക സംവരണം (കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, നോൺ–ക്രീമിലെയർ സർട്ടിഫിക്കറ്റ്) സാമ്പത്തിക സംവരണാനുകൂല്യ ങ്ങൾ (വരുമാന സർട്ടിഫിക്കറ്റ്)/പ്രത്യേക സംവരണം എന്നിവയ്ക്കുള്ള രേഖകൾ സമർപ്പിക്കാത്ത വർക്ക് ആവശ്യമായ അനുബന്ധ രേഖകൾ 20.05.2019 വൈകുന്നേരം 5 മണിയ്ക്കകം ഓൺ ലൈനായി സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.**

പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും, മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയി ട്ടുള്ള **2019-20** അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103, 2339104**

Geetha

തിരുവനന്തപുരം
13.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**